**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2813** | **18-03-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് 2 തസ്തികയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | null<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി വികസന വകുപ്പിൽ പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് 2 തസ്തികയിലെ 50 ശതമാനം ഒഴിവുകളിൽ ബൈ-ട്രാൻസ്ഫർ മുഖേന വകുപ്പിലെ ജൂനിയർ സൂപ്രണ്ട് തസ്തികയിൽ നിന്ന് നിയമിക്കണമെന്ന് സ്പെഷ്യൽ റൂളിൽ വ്യവസ്ഥ നിലവിലുള്ളപ്പോൾ, പ്രസ്തുത തസ്തികയിലേക്ക് ജൂനിയർ സൂപ്രണ്ട് തസ്തികയിലുള്ളവരെ പരിഗണിക്കാതെ ഹെഡ് ക്ലാർക്ക്/യു.ഡി. ക്ലാർക്ക് തസ്തികയിലുള്ളവരെ ചട്ടവിരുദ്ധമായി നിയമിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ ഇതുവരെ സ്വികരിച്ച നടപടികളെന്തൊക്കെ ; വിശദമാക്കുമോ; | (എ) | ഉണ്ട്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ച് വരുന്നു |
| (ബി) | ജൂനിയർ സൂപ്രണ്ട് തസ്തികയിലുള്ളവരുടെ അഭാവത്തിൽ മാത്രമേ ഹെഡ് ക്ലാർക്ക് / യു.ഡി ക്ലാർക്ക് തസ്തികയിലുള്ളവരെ ബൈ-ട്രാൻസ്ഫർ മുഖേന പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് 2 തസ്തികയിലേക്ക് നിയമിക്കേണ്ടതായിട്ടുള്ളുവെന്ന സ്പെഷ്യൽ റൂളിലെ വ്യവസ്ഥയിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; | (ബി) | നിലവിലെ വിശേഷാൽ ചട്ടത്തിൽ ഭേദഗതി വരുത്തിയിട്ടില്ല |
| (സി) | പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് 2, ജൂനിയർ സൂപ്രണ്ട് തസ്തികകൾ പരസ്പരം മാറ്റാവുന്നത് അല്ലായെന്ന സ്പെഷ്യൽ റൂളിലെ വ്യവസ്ഥക്ക് വിരുദ്ധമായി, പ്രസ്തുത തസ്തികകളിലെ ഓഫീസർമാരെ പരസ്പരം മാറ്റി നിയമിച്ചുവരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് തടയുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെ; വ്യക്തമാക്കാമോ; | (സി) | ഉണ്ട്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ച് വരുന്നു |
| (ഡി) | പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് 2, | (ഡി) | ഉണ്ട്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ച് |

| | | | |
|---|---|---|---|
| | ജൂനിയർ സൂപ്രണ്ട് തസ്തികകൾ പരസ്പരം മാറ്റാവുന്നത് അല്ലായെന്ന സ്പെഷ്യൽ റൂളിലെ വ്യവസ്ഥ മറികടന്നുകൊണ്ടും, ഇവ പരസ്പരം മാറ്റാവുന്ന തസ്തികകൾ ആണെന്ന് തെറ്റായി വ്യാഖ്യാനിച്ചുകൊണ്ടും വകുപ്പിൽ ചട്ട വിരുദ്ധമായി 3:1 നിരക്കിൽ റേഷ്യോ പ്രമോഷൻ 2010 മുതൽ അനുവദിച്ചുവരുന്നുവെന്ന ആക്ഷേപം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് മൂലമുണ്ടായ ധന നഷ്ടം പരിഹരിക്കുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെ; വ്യക്തമാക്കാമോ; | | വരുന്നു |
| (ഇ) | പ്രസ്തുത തസ്തികകൾ പരസ്പരം മാറ്റാവുന്നത് അല്ലായെന്ന് 11-ാം ശമ്പള പരിഷ്കരണ കമ്മീഷൻ സർക്കാരിനെ അറിയിച്ചതിനു ശേഷവും, ടി ഇനത്തിൽ സ്ഥാനകയറ്റങ്ങളും നിയമനങ്ങളും നടത്തുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ വിശദമാക്കാമോ; | (ഇ) | ഉണ്ട്. പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ച് വരുന്നു |
| (എഫ്) | പട്ടികജാതി വികസന വകുപ്പിൽ എത്ര ജൂനിയർ സൂപ്രണ്ട് തസ്തികകളാണുള്ളത് ; ഇതിൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ മാത്രം എത്ര തസ്തികകൾ നിലവിലുണ്ട് ? | (എഫ്) | ആകെ 29 ജൂനിയർ സൂപ്രണ്ട് തസ്തികകളാണ് ഉള്ളത് . അതിൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ മാത്രം 10 തസ്തികകൾ നിലവിലുണ്ട് |

സെക്ഷൻ ഓഫീസർ